PROCEEDINGS
OF
THE TRAVANCORE LEGISLATIVE ASSEMBLY.

FIRST ASSEMBLY.

SECOND SESSION.

Vol. II—No. 2.

Thursday, the 5th August 1948/21st Karkatakam 1123.

The House re-assembled in the Legislative Chamber, Public Offices, at 11.0 A. M. on Thursday, the 5th August 1948 with the Honourable Mr. A. J. John, President, in the chair.

QUESTIONS AND ANSWERS.

വായനശാലകൾ.

35. **MR. P. K. KRISHNAN SASTRI** (*Meenachil II—Pulaya Reserved*) : താഴെ പറയുന്ന ചോദ്യത്തിന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

പിന്നോക്കസമുദായസംരക്ഷകഡിപ്പാർട്ടുമെൻറിന്റെ മേൽനോട്ടത്തിൽ നടത്തിവരുന്ന വായനശാലകൾ എത്രയെന്നും എവിടെയെല്ലാമെന്നും പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിന ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN : പിന്നോക്കസമുദായസംരക്ഷകഡിപ്പാർട്ടുമെൻറിന്റെ മേൽനോട്ടത്തിൽ ഏഴു വായനശാലകൾ നടത്തിവരുന്നു. അവ, വെളിയത്തുനാട്, മാണിക്കമംഗലം, സച്ചിവോത്തമപുരം, കുളക്കട, പാകോട്ട്, തോട്ടക്കാട്ട്, ഉദയംപേരൂർ, വട്ടിയൂർക്കാവ്, കീഴ്ചേരിമേൽ, കണ്ണഞ്ചേരി, ഏഴുകുളം, ആതുവാമൊഴി എന്നിവടങ്ങളിലാണ്.

MR. P. K. KRISHNAN SASTRI : പിന്നോക്കസമുദായാംഗങ്ങൾ അധികമായി താമസിക്കുന്ന സ്ഥലങ്ങളിൽ വായനശാലകൾ സ്ഥാപിക്കാൻ ഗവണ്മെൻറ ദയവായി ശ്രമിക്കുമോ?

HON'BLE MR. G. RAMACHANDRAN : അങ്ങിനെയുള്ള സ്ഥലങ്ങളിൽ നിന്നും അപേക്ഷകൾ വരുകയോ മറേതെങ്കിലും കാരണത്താൽ ആവശ്യമാണെന്ന ഗവണ്മെൻറിന തോന്നുകയോ ചെയ്യുമ്പോൾ അങ്ങിനെ ചെയ്യുന്നതിന ഗവണ്മെൻറിന വളരെ സന്തോഷമായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly